# ACADEMIC MASTR PLAN

ST.TERESAS LP SCHOOL VAZHAPPALLY

2025-2026

## ഉള്ളടക്കം


1. ആമുഖം

2. ലക്ഷ്യങ്ങൾ

3.വിദ്യാലയത്തിന്റെ ലഘുചരിത്രം

4. വിദ്യാലയം മികവിന്റെ കേന്ദ്രം കാഴ്ചപ്പാട്

5. പദ്ധതി രൂപീകരണ പ്രക്രിയ -വിവിധ ഘട്ടങ്ങൾ

6. നിലവിലെ അവസ്ഥാ വിശകലനം

7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

8. പദ്ധതി വിശദാംശങ്ങൾ

മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല,
സാമ്പത്തിക വിശകലനം

9. പ്രതീക്ഷിത നേട്ടങ്ങൾ

10. മോണിട്ടറിംഗ്

11. ഉപസംഹാരം


അനുബന്ധം


1. വിദ്യാലയത്തിന്റെ സ്കെച്ച്, പ്ലാൻ

2. മികവുകൾ, നേട്ടങ്ങൾ

3. കുട്ടികളുടെ എണ്ണം

4. നിലവിലുള്ള കമ്മിറ്റികൾ- അംഗങ്ങളുടെ പട്ടിക

# ചരിത്രം

അഞ്ചു വിളക്കിന്റെ നാടായ ചങ്ങനാശ്ശേരിയിലെ സമീപ പ്രദേശമായ വാഴപ്പള്ളി കുന്നിൽ 1916 – ൽ തെരേസാമെമ്മോറിയൽ ഓർഫനേജ് വെർണാക്കുലൽ പ്രൈമറി സ്കൂൾ എന്ന പേരിൽ ഗവൺമെ അംഗീകാരത്തോടെ ദൈവദാസി മദർഷന്താൾ ആരംഭിച്ച വാഴപ്പള്ളി എൽ.പി. സ്കൂളിന് സെ തെരേസാസ് എൽ. പി. സ്കൂൾ വാഴപ്പള്ളി എന്ന് വിളിക്കപ്പെടുന്നു. ചങ്ങനാശ്ശേരിയിലെ മികവുറ്റ സ്കൂളുകളിൽ ഒന്നായി ഈ സ്കൂൾ പ്രവർത്തിക്കുന്നു. കുട്ടികളുടെ പാഠ്യ-പാഠ്യേതരകാര്യങ്ങൾ നന്നായി ശ്രദ്ധിച്ചു പരിശ്രമിച്ചു മുന്നേറുന്നു. ഇവിടെ നിന്നും പഠിച്ചിറങ്ങിയ കുട്ടികൾ ലോകത്തി നാനാതുറകളിൽ രാജ്യത്തി അഭിമാനമായി സേവനം ചെയ്യുന്നു. കൂടാതെ നാനാ ജാതി മതസ്ഥരായ കുട്ടികൾ ഞങ്ങളുടെ മതവിശ്വാസത്തിൽ വളരാനും നാടിന് അഭിമാനമാകനും സാധിച്ചു.

| | | |
|---|---|---|
| 1.വിദ്യാലയത്തിന്റെ പേര് | : | ST.TERESAS LP SCHOOL VAZHAPPALLY |
| 2. വിലാസം | : | VAZHAPPALLY, VAZHAPPALLY<br>P.O, CHANGANACHERRY, PIN:686102 |
| 3. സ്കൂൾ കോഡ് | : | 33372 |
| 4.യുഡൈസ് കോഡ് | : | 32100100302 |
| 5. വിദ്യാഭ്യാസ ഉപജില്ല | : | CHANGANACHERRY |
| 6. വിദ്യാഭ്യാസ ജില്ല | : | KOTTAYAM |
| 7. റവന്യൂ ജില്ല | : | KOTTAYAM |
| 8. ബി.ആർ.സി | : | MADAPPALLY |
| 9.തദ്ദേശസ്വയംഭരണസ്ഥാപനം | : | MUNCIPALITY |
| 10. നിയമസഭാമണ്ഡലം | : | CHANGANACHERRY |
| 11.ലോകസഭാമണ്ഡലം | : | KOTTAYAM |
| 12. താലൂക്ക് | : | CHANGANACHERRY |
| 13. ഇ.മെയിൽ | : | stteresaslpsvazhappallychry@gmail.com |

| | |
|---|---|
| **സ്കൂൾ ഭരണ വിഭാഗം** | എയ്ഡഡ് |
| **സ്കൂൾ വിഭാഗം** | പൊതുവിദ്യാലയം |
| **പഠന വിഭാഗങ്ങൾ** | എൽ.പി |
| **സ്കൂൾ തലം** | 1 മുതൽ 4 വരെ |
| **മാദ്ധ്യമം** | മലയാളം, ഇംഗ്ലീഷ് |

കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി താലൂക്കിൽ വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് മാടപ്പള്ളി ബ്ലോക്കിൽ സ്ഥിതിചെയ്യുന്ന സ്കൂളാണ്| ST.TERESAS LP SCHOOL . കോട്ടയം വിദ്യാഭ്യാസജില്ലയാണ് ഇതിന്റെ ഭരണനിർവഹണം. 1915-ലാണ് ഈ സ്കൂൾ ആരംഭിച്ചത് വാഴപ്പള്ളിയിലാണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത്. ചങ്ങനാശേരി അതിരൂപതാ കോർപ്പറേറ്റ് മാനേജ്മെന്റ് കീഴിലുള്ള സ്കൂളാണിത്.

## വിദ്യാലയം മികവിന്റെ കേന്ദ്രം -കാഴ്ചപ്പാട്

1.പാഠ-പാഠാനുബന്ധപ്രവർത്തനങ്ങളിൽ സജീവതാല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ

2. ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും, മനോഭാവങ്ങളും രൂപപ്പെടുത്തന്നതിനുള്ള സാഹചര്യം ഒരുക്കൽ

3. പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേകചരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വില്യാലയഅന്തരീക്ഷം ഒരുക്കൽ

4. ലോകത്ത് എവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ.

ലക്ഷ്യങ്ങൾ

1. മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.

2. എൽ.കെ.ജി മുതൽ 4-ാംക്ലാസ്സ് വരെ ഓരോ ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തനകലണ്ടറും രൂപപ്പെടുത്തൽ.

3. അദ്ധ്യാപനവും, അദ്ധ്യായനവും, സർഗാത്മകവും, രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

4. എല്ലാകുട്ടികൾക്കും വായന, ലേഖനം സംസാരിക്കാനും എന്നിവയിൽ 2 ഭാഷയിൽ പ്രാവീണ്യം നേടുക.

5. അടിസ്ഥാനഗണിതം, സാമൂഹ്യബോധം, പരിസ്ഥിതിസ്നേഹം ഇവയിൽ ഊന്നിയ പഠനം ഉറപ്പാക്കുക.

6. വിവിധ മേളകളിലുള്ള പരിശീലനവും പങ്കെടുക്കലും ഉറപ്പാക്കൽ

7. മികച്ച കൃഷിരീതികൾ പരിചയപ്പെടുവാൻ താല്പര്യം ജനിപ്പിക്കുന്നു.

8.ജൈവ വൈവിധ്യ ഉദ്യനം വഴി കുട്ടികളിൽ പ്രകൃതിയോടുള്ള അനുരൂപികരണം സാധ്യമാക്കുന്നു.

## പദ്ധതി രൂപീകരണപ്രക്രിയ വിവിധ ഘടകങ്ങൾ

1. എഫ്.പി.എം. എൽ.പി സ്കൂൾ മാമ്പുഴക്കരി എന്ന വികസന കാഴ്ച പ്പാട് അവതരിപ്പിക്കലും ചർച്ചയും.
2. വികസനാവശ്യങ്ങൾ ക്ലാസ്/വിഷയം അടിസ്ഥാനത്തിൽ ഭൗതികം, അക്കാദമികം, സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ
3. കരട് രൂപരേഖ SRG, PTA, MPTA രാഷ്ട്രീയ സംഘടനപ്രതിനിധികൾ, ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശില്പശാലയിൽ അവതരി പ്പിക്കൽ.
4. ശില്പശാലയിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ
5. പി.റ്റി.എ നേതൃത്വത്തിൽ ക്രോഡീകൃതപദ്ധതി രേഖ തയ്യാറാക്കൽ.

## നിലവിലെ അവസ്ഥാവിശകലനം - ഭൗതികം

1915-ൽ സ്ഥാപിതമായ വാഴപ്പള്ളി ST.TERESAS LP SCHOOL-ൽ 15 ക്ലാസ്സ് മുറികൾ, ഒരുComputer ലാബ്, ഒരു സ്മാർട്ട് ക്ലാസ്സ് മുറി, , ഓഫീസ്, സ്റ്റാഫ് റും, വിശാലമായ പാർക്ക്, ടൈല് വർക്ക്, സീലിംഗ് വർക്ക്, ഇലക്ട്രിഷൻ വർക്ക്, എം.എല്.എ ഫണ്ട് ഉപയോഗപ്പെടുത്തി പണിത അടുക്കള എന്നിവ പൂർത്തികരിച്ചിട്ടുണ്ട്. സ്കൂൾ കോമ്പാണ്ട്, ചുറ്റുമതില് കെട്ടി സുരക്ഷിതമാക്കിയിട്ടുണ്ട്. ജൈവവൈവിധ്യ പച്ചക്കറി അടുക്കളതോട്ടം, ശലദ്യാനം, , മീൻ കുളം, കളി, പക്ഷികൾ എന്നിവയും സ്കൂളിന്റെ നേട്ടങ്ങൾ ആണ്. കൂട്ടികൾ ശുദ്ധജലവിതരണത്തിന് Purifier, Pipe Line എന്നി ങ്ങനെ സൗകര്യങ്ങളുണ്ട്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യകംToiltes സൗകര്യങ്ങളുണ്ട്.

## അക്കാദമികം - നേട്ടങ്ങൾ

- മികച്ച അധ്യാപനം
- മികച്ച സ്പോക്കൺ ഇംഗ്ലീഷ്(COMMUNICATIVE ENGLISH) ക്ലാസ്സുകൾ
- കമ്പ്യൂട്ടർ പരിശീലനം
- അക്ഷര ശോഭ ക്ലാസ്സുകൾ
- ഹിന്ദി പരിശീലനം
- സ്കൂൾ ലൈബ്രറി
- യോഗ-ഡാൻസ് പരിശീലനങ്ങൾ
- കാരട്ടെ പരിശീലനങ്ങൾ
- വിവിധ മത്സര പരീക്ഷകളിലെ കുട്ടികളുടെ മികവ്
- 2024-25 വർഷം സബ്ജില്ലാകലോത്സവത്തിൽ മികച്ചസ്ഥാനം
- സബ്ജില്ല പ്രവർത്തിപരിചയമേളയിൽ മികച്ചസ്ഥാനം
- സോഷ്യൽസയൻസ് മേളയിൽ മികച്ചസ്ഥാനം

## കുട്ടികളുടെ എണ്ണം

| ക്ലാസ് | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
|---|---|---|---|
| 1 | 16 | 20 | 36 |
| 2 | 25 | 28 | 53 |
| 3 | 32 | 30 | 62 |
| 4 | 27 | 38 | 65 |
| ആകെ | 100 | 116 | 216 |

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ഭാഷാശേഷി വികസനം<br>ഗണിതശേഷി വികസനം<br>ഇംഗ്ലീഷ് പഠനപരിപോഷണം<br>വായന പരിപോഷണം | കളിസ്ഥലം<br>ഡൈനിംഗ് ഹാൾ | പി.റ്റി.എ ശക്തിപ്പെടുത്ത വിദ്യാലയ<br>വികസനസമിതി പൂർവ്വവിദ്യാർത്ഥി<br>സംഘടന |
| ലൈബ്രറി ശാക്തീകരണം<br>ജൈവവൈവിധ്യ പാർക്ക്<br>പഠനയാത്രകൾ<br>സെമിനാറുകൾ<br>കലാകായികമേള<br>ഐ.റ്റി പരിശീലനം<br>അധ്യാപകശാക്തീകരണ പരി<br>പാടികൾ<br>ക്ലാസ് പി.റ്റി.എ<br>സ്കൂൾ പത്രം<br>പ്രവൃത്തി പരിചയപഠനം<br>SRG ശാക്തീകരണം<br>അഭിമുഖങ്ങൾ<br>ഗണിതലാബ്<br>ഭാഷാലാബ്<br>ടേം മൂല്യനിർണ്ണയം<br>ദിനാചരണം | ജന്മദിനത്തി<br>നൊരു പുസ്തകം<br><br>എന്റെ വീട്ടിലും<br>കൃഷിത്തോട്ടം<br><br>എന്റെ ചെടി<br>എനിക്കും പറയാ<br>നുണ്ട്<br><br>ഭാഷോത്സവം<br><br>പോഷകഹാര പരി<br>പാടി<br><br>പച്ചക്കറിത്തോട്ടം | ഗ്രന്ഥശാല, ക്ലബ്ബുകൾ, സന്നദ്ധസം<br>ഘടനകൾ<br>വിദ്യാഭ്യാസ പ്രവർത്തകർ<br>പൂർവ്വാധ്യാപകർ എന്നിവരുടെ<br>സേവനം പ്രയോജനപ്പെടുത്തൽ<br>ക്ലാസ് പി.റ്റി.എ മാതൃകപരമാക്കുന്ന<br>തിനുള്ള നടപടികൾ<br><br>വിദ്യാലയ മികവുകൾ<br>പൊതുസമൂഹവുമായി പങ്കിടൽ<br>വിദ്യാലയ മികവുകൾ<br>പൊതു സമൂഹത്തിന് കൂടി പ്രയോ<br>ജനപ്പെടുത്തൽ<br>പ്രദേശിക പി.റ്റി.എ<br>ഭവന സന്ദർശനം<br>യുട്യൂബ് ചാനൽ<br>സജീവമാക്കൽ |

| പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് അസംബ്ലി<br>ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| | പ്രവർത്തനം -1 | | | |
| എല്ലാകുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക | ആഴ്ചയിൽ 2 ദിവസം കുട്ടികൾ തന്നെ അസംബ്ലി മുഴുവൻ ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകുക | ആഴ്ചയിൽ 2 ദിവസം | ക്ലാസ് ടീച്ചർ | |
| | പ്രവർത്തനം : 2 | | | |
| | ഇംഗ്ലീഷ് ഭാഷാപഠനം | | | |
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഡയറിയിൽ ഇംഗ്ലീഷിൽ എഴുതുക | ആഴ്ചയിൽ 5 ദിവസം | ഇംഗ്ലീഷ് അധ്യാപകർ | |
| | പ്രവർത്തനം : 3 | | | |
| | ഇംഗ്ലീഷ് ഫെസ്റ്റ് | | | |
| വ്യാകരണശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ | മധ്യവേനൽ അവധി കാലത്ത് 5 ദിവസത്തെ ഇംഗ്ലീഷ് ഫെസ്റ്റ് മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ ചെയ്യൽ | 5 ദിവസം | പിറ്റിഎ പ്രസിഡന്റ്, ഹെഡ്മാസ്റ്റർ | |
| | പ്രവർത്തനം : 4 | | | |
| | ഇംഗ്ലീഷ് ചാറ്റിംഗ് | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| ഇംഗ്ലീഷിൽ ആശയവിനിമയം നടത്തുന്നതിൽ ശേഷി നേടൽ | വിദ്യാർത്ഥികൾ അവരുടെ കൂട്ടുകാരുമായും, അധ്യാപകരുമായും ഇംഗ്ലീഷിൽ ചാറ്റിംഗ് ചെയ്യുന്നു. | മാസത്തിൽ 1 വീതം | ക്ലാസ് ടീച്ചർ | |

| പ്രവർത്തനം : 5 ഗ്രാമർ സ്കൂൾ ഇംഗ്ലീഷ് ഭാഷാപഠനം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| വ്യാകരണശുദ്ധി യോടെ ഭാഷ ഉപയോ ഗിക്കുവാൻ കഴിവുനേടാം | അവധി ദിവസങ്ങളിൽ വ്യാകരണത്തിന് പ്രാധാന്യം നൽകി യുള്ള **English WAKE Program** നടത്തുന്നു | മാസത്തിൽ ഒരു ശനി യാഴ്ച ഉച്ച വരെ | | |
| പ്രവർത്തനം : 6 **Spoken English Class** | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| ഇംഗ്ലീഷിൽ പ്രാവീണ്യം ഇംഗ്ലീഷ് അനായാസം സംസാരിക്കാൻ | എല്ലാ ദിവസവും ഉച്ചയ്ക്ക് **Spoken English Class** നൽകുക 1 മണിക്കൂർ ഇംഗ്ലീഷ് മാത്രം | | ഇംഗ്ലീഷ് അധ്യാ പിക | |
| പ്രവർത്തനം : 7 സർഗ്ഗ സല്ലാപം ഉപമേഖല: ഭാഷാ വികസനം | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവു നേടുക | പ്രാദേശീകമായി ലഭ്യ മാകുന്ന എഴുത്തു കാരെ സ്കൂളിൽ എത്തിക്കൽ അവരുടെ വായന/ എഴുത്ത് അനുഭവങ്ങൾ കുട്ടിക ളുമായി പങ്കുവെ യ്ക്കൽ | വർഷത്തിൽ 2 പ്രാവശ്യം<br>ജൂലൈ<br>ജനുവരി | എച്ച്.എം. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവർത്തനം : 8 അഭിമുഖങ്ങൾ, സെമിനാറുകൾ. ഉപമേഖല: സർഗ്ഗശേഷി വികാസം | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| സർഗ്ഗശേഷികളുടെ പരിപോഷണം | പ്രശസ്തരായ സാഹിത്യകാരന്മാരുമായി അഭിമുഖം. സാഹിത്യകാരന്മാർ പങ്കെടുക്കുന്ന വിവിധ സെമിനാറുകൾ സംഘടിപ്പിക്കൽ | | | |
| പ്രവർത്തനം : 9 സ്കൂൾ വിഷൻ<br>ഉപമേഖല: സമഗ്രവികസനം | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| ഭാഷപരമായ ശേഷികളുടെ സമഗ്രമായ വികസനം | കുട്ടികളുടെ കലാപരിപാടികളുടെ സംപ്രേഷണം, അസംബ്ലി, പൊതുപരിപാടികളുടെ സംപ്രേഷണം യുട്യൂബ് ചാനലിൽ | | ഐ.റ്റി.ടീച്ചേഴ്സ് | |
| പ്രവർത്തനം : 10 ദിനാചരണങ്ങൾ<br>ഉപമേഖല: സമഗ്രവികസനം | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| വിവിധ ശേഷികളുടെ വികസനം | പ്രവർത്തനങ്ങൾ ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജിയിൽ നടത്തപ്പെടുന്നു. നിശ്ചിത ദിവസത്തിനുള്ളിൽ അവ സംഘടിപ്പിക്കുന്നു. | | | |
| പ്രവർത്തനം : 11 ഗണിത ലാബ് സജ്ജീകരണം<br>ഉപമേഖല: ഗണിതം | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ | | | |

| പ്രവർത്തനം : 12 ശാസ്ത്ര യാത്രകൾ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| ശാസ്ത്രപഠനം രസകരമാക്കൽ | നെല്ല് ഗവേഷണ കേന്ദ്രത്തിലേക്ക് പഠന യാത്ര | | | |
| പ്രവർത്തനം : 13 മേളകൾ | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | സ്കൂൾ തല ശാസ്ത്ര മേളയിൽ എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ലാ തലത്തൽ പരമാവധി പങ്കാളിത്തം | | എച്ച്.എം. & ക്ലസ് അധ്യാപകർ | |
| പ്രവർത്തനം : 14 പഠന യാത്രകൾ<br>ഉപമേഖല: സാമൂഹ്യ ശാസ്ത്രം | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കുന്നത് | സാമൂഹ്യ ശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ, തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠന യാത്രകൾ | | | |
| പ്രവർത്തനം : 15 മോക്ക് പാർലമെന്റ് | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടന പത്രിക, പ്രാചാരണം, ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരിക്കൽ ഇതിന്റെ നേതൃത്വത്തിൽ ഇടവേളകളിൽ മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ | ജൂലൈ | ക്ലാസ് 4 | |

| പ്രവർത്തനം : 16 ന്യൂസ് ബോർഡ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| സാമൂഹിക ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ന്യൂസ് ബോർഡ് സ്ഥാപിക്കുകയും എല്ലാദിവസത്തേയും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ | എല്ലാ പ്രവർത്തി ദിവസങ്ങളിലും | 3 & 4 ലീഡേഴ്സ | |

| പ്രവർത്തനം :17 ശ്രേഷ്ഠഭാഷ<br>ഉപമേഖല : ഹിന്ദി | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| ഹിന്ദി പഠനം കാര്യക്ഷമമാക്കൽ | അക്ഷരങ്ങൾ പരിചയപ്പെടുത്തുന്നു. | ആഴ്ചയിൽ 15 മിനിറ്റ് | ക്ലാസ്സ് ടീച്ചർ | |

| പ്രവർത്തനം :18<br>ഉപമേഖല : കലാ-വിദ്യാഭ്യാസം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| കലാവാസനകൾക്ക് പരിപോഷണം | ചിത്രരചന, നൃത്തം, യോഗ,കുങ്ഫു,കരാട്ടെ സംഗീതം തുടങ്ങിയ കലകളുടെ പരിശീലനത്തിനായി അവധി ദിവസങ്ങളിൽ പരിശീലനം | അവധി ദിവസങ്ങൾ | | |

| പ്രവർത്തനം :19<br>ഉപമേഖല : കായിക വിദ്യാഭ്യാസം, കായികപരിശീലനം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| കായികപരിശീലനം കാര്യക്ഷമമാക്കൽ | രാവിലെയും വൈകുന്നേരവും കായികപരിശീലനം, കുട്ടികൾക്ക് ലഘുഭക്ഷണം നൽകൽ. | ആഴ്ചയിൽ 1 | സ്പോർട്സ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| പ്രവർത്തനം :20<br>കായിക താരങ്ങൾക്ക് സമ്മാനങ്ങൾ | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| അവാർഡ്/സമ്മാനം നൽകി ആദരിക്കൽ | പ്രവർത്തനങ്ങൾ സ്കൂൾതലം, ഉപജില്ലാ തലം വിജയികൾക്ക് സമ്മാനം നൽകൽ | വർഷ ത്തിൽ ഒന്ന് | | |
| പ്രവർത്തനം :21<br>മേഖല : അക്കാദമികം<br>മെഡിക്കൽ സെമിനാർ | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| ആരോഗ്യമുള്ള സമൂ ഹത്തെ രൂപപ്പെടു ത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടി കൾക്കും രക്ഷിതാ ക്കൾക്കും സമഗ്രമായ വൈദ്യപരിശോ ധന നടത്തൽ | വർഷ ത്തിൽ 1 വീതം | ഹെൽത്ത് സെന്റർ | |
| പ്രവർത്തനം :22<br>പച്ചക്കറിത്തോട്ടം | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| കാർഷിക സംസ്കൃ തിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷക മായ വിധത്തിൽ പച്ച ക്കറി തോട്ടം ഉണ്ടാ ക്കൽ | വർഷ ത്തിൽ ഒരു പ്രാവശ്യം | ഹെഡ്മി സ്ട്രസ് & അദ്ധ്യാപ കർ | |
| പ്രവർത്തനം :23<br>ജൈവവൈവിധ്യ പാർക്ക് | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| പ്രകൃതിയെ അടുത്തറി യാൻ അവസരം ഒരു ക്കുക | സ്കൂളിൽ സൗകര്യപ്ര ദമായ സ്ഥലത്ത് ജൈവ വൈവിധ്യ പാർക്ക് നിർമ്മിക്കൽ | ഒരു പ്രാവശ്യം | HM | |

| പ്രവർത്തനം :24<br>ക്ലാസ് പി.ടി.എ സജീവമാക്കൽ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ് പി.ടി.എ കൃത്യമായ അജണ്ട വച്ച് പ്രതിമാസം ചേരൽ, പഠനപുരോഗതി പരിശോധിക്കൽ, മികവുകളുടെ അവതരണം, പൊതുചർച്ച | പ്രതിമാസ പരിപാടി | H.M | |
| പ്രവർത്തനം :25<br>പോഷകാഹാര പരിപാടി | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| ആരോഗ്യമുള്ള ശരീരം പഠനത്തിന അനിവാര്യം | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെനു വെച്ച് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | എല്ലാ പ്രവർത്തി ദിവസങ്ങളിലും | H.M | |
| പ്രവർത്തനം :26<br>ജന്മദിനത്തിനൊരു പുസ്തകം | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| ക്ലാസ് ലൈബ്രറിയുടെ നവീകരണം | ക്ലാസ് ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ഒരു പുസ്തകം വീതം ക്ലാസ് ഗ്രന്ഥശാലയിലേക്ക് സംഭാവന ചെയ്യുന്നു. കുടുംബാംഗങ്ങളെ മുഴുവൻ ഈ പ്രവർത്തനത്തിൽ പങ്കാളികളാക്കും | എല്ലാം ജന്മ ദിനങ്ങളിലും | രക്ഷകർത്താക്കൾ | |
| പ്രവർത്തനം :27<br>ശാസ്ത്രമാജിക് | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക | ശാസ്ത്രതത്വങ്ങൾ എളുപ്പം മനസ്സിലാക്കുവാൻ ഉപകരിക്കുന്ന രസകരമായ ലഘുപരീക്ഷണങ്ങൾ കുട്ടികൾ തന്നെ അവതരിപ്പിക്കണം, ക്ലാസ് നടത്തുക | മാസത്തിൽ 1 വീതം | അദ്ധ്യാപകർ | |

| പ്രവർത്തനം :28<br>സമ്മർ ഓൺലൈൻ ക്ലാസ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| ഇംഗ്ലീഷ്, മലയാളം,ഗണിതം എന്നീ വിഷയങ്ങളിൽ പ്രാവീണ്യം നേടൽ | മദ്ധ്യവേനൽ അവധിക്കാലത്ത് എല്ലാദിവസവും നീണ്ടുനിൽക്കുന്ന ഓൺലൈൻ ക്ലാസ്സുകൾ കുട്ടികൾക്ക് നൽകുന്നു. | അവധി ദിവസങ്ങൾ | | |
| | | | | |

| പ്രവർത്തനം :29<br>വാർഷിക കലണ്ടർ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| | ഏപ്രിൽ -മാർച്ച് വരെയുള്ള 12 മാസങ്ങൾ ചാർട്ട് പേപ്പറിൽ എഴുതി സ്കൂളിൽ നടപ്പിലാക്കാൻ ഉള്ള പ്രവർത്തനങ്ങൾ രേഖപ്പെടുത്തുക | പ്രതിദിനം | | |

| പ്രവർത്തനം :30<br>അക്ഷരക്ലാസ്സ്, എൽ.എസ്.എസ്, ജി.കെ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| മലയാളത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കും, മത്സരപരീക്ഷകൾക്കും ഉള്ള പരിശീലനം | മാസത്തിൽ ഓരോ ശനിയാഴ്ചകളിൽ അക്ഷരക്ലാസ്സ്, എൽ.എസ്.എസ് ക്ലാസ്സുകൾ, ജി.കെ പരിശീലനം എന്നിവയ്ക്ക് പരിശീലനം<br>പൊതുവിജ്ഞാനം വളർത്തുക എന്ന ലക്ഷ്യത്തോടെ കുട്ടികൾക്ക് എല്ലാ ദിവസവും ജി.കെ ചോദ്യങ്ങൾ നൽകപ്പെടുന്നു. തുടർന്ന് മാസാവസാനം ഇതുമായി ബന്ധപ്പെട്ട ക്വിസ് മത്സരങ്ങൾ നടത്തുന്നു. | പ്രതിവർഷം | 4-ാംക്ലാസ് | |

| പ്രവർത്തനം :31<br>മൺമറഞ്ഞ ആഹാരം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| കേരളീയരുടെ പ്രാചീന നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | കേരളത്തിൽ നിലവിലുണ്ടായിരുന്ന പ്രാചീന പാനീയങ്ങൾ, പലഹാരങ്ങൾ, ആഹാരസാധനങ്ങൾ എന്നിവയുടെ പട്ടിക മുതിർന്നവരിൽ നിന്ന് ചോദിച്ച് അറിയുക.<br>പതിപ്പ് തയ്യാറാക്കുക<br>ഭക്ഷണം തയ്യാറാക്കുക<br>ഫുഡ് ഫെസ്റ്റ് നടത്തുക | വർഷത്തിൽ 1 പ്രാവശ്യം | | |

| പ്രവർത്തനം :32<br>മേഖല :ഭൗതികം<br>ഡൈനിംഗ് ഹാൾ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| ശുചിത്വം + ആരോഗ്യം =പഠനം | സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ രീതിയിൽ ഡൈനിംഗ് ഹാൾ ഒരുക്കൽ | | | |

| പ്രവർത്തനം :33<br>മൈതാന നിർമ്മാണം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| കായിക വിദ്യാഭ്യാസത്തിന് മികച്ച സൗകര്യം ഒരുക്കൽ | മുഴുവൻ കുട്ടികൾക്കും വിവിധതരം കളികളിലും മത്സരങ്ങളിലും ഏർപ്പെടാൻ കഴിയുന്ന വിധത്തിൽ വിവിധ സൗകര്യങ്ങളോരുക്കിയുള്ള വിശാലമായ മൈതാനം നിർമ്മിക്കൽ | | | |

| പ്രവർത്തനം :34<br>യോഗ പരിശീലന കേന്ദ്രം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| ആരോഗ്യമുള്ള ശരീരവും മനസ്സും കുട്ടികൾക്ക് പ്രദാനം ചെയ്യൽ | വായു സഞ്ചാരമുള്ള ഒരു മുറി ആവശ്യമായ ഉപകരണങ്ങളോടെ എല്ലാ ആഴ്ചയിലും ശനിയാഴ്ച യോഗ പരിശീലനത്തിനു വേണ്ടി സജ്ജമാക്കൽ | ആഴ്ചയിൽ ഒന്നുവീതം | | |

| പ്രവർത്തനം :35<br>മാലിന്യ സംസ്കരണം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | ജൈവമാലിന്യങ്ങളും അജൈവ മാലിന്യങ്ങളും സംസ്കരിക്കുന്നതിനുള്ള ക്രമീകരണം സൗകര്യപ്രദമായ സ്ഥലത്ത് ഒരുക്കൽ | | | |

| പ്രവർത്തനം :36<br>പഠനോത്സവം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| മികവുകളുടെ അവതരണം പഠനം കാര്യക്ഷമമാക്കൽ | വിദ്യാർത്ഥികളെ മേഖലകളായി തിരിച്ച് പഠനക്കൂട്ടങ്ങൾ രൂപികരിക്കണം. ഓരോ ടേമിലും ഒന്നുവീതം അരദിവസം നീണ്ടു നിൽക്കുന്ന വിവിധ മികവുകളുടെ അവതരണവും, രക്ഷിതാക്കൾക്കുവേണ്ടി സമകാലിക പ്രസക്തിയുള്ള വിഷയത്തിൽ ക്ലാസ് നടത്തൽ | | | |

| പ്രവർത്തനം :37<br>വായനക്കൂട്ടം / അമ്മ വായന<br>മേഖല -സാമൂഹികം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| വായിച്ച് വളർന്ന് സമ്മാനങ്ങൾ നേടുക | അമ്മ മത്സരം പ്രസംഗം കുട്ടികൾ രക്ഷിതാക്കൾക്ക് സമ്മാനം | | | |
| പ്രവർത്തനം :38<br>കാരണവക്കൂട്ടം | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| വിദ്യാലയ പ്രവർത്തനങ്ങളിൽ മുതിർന്ന തലമുറ പങ്കാളിത്തം ഉറപ്പാക്കുന്നു. മുതിർന്നവരെ ബഹുമാനിക്കുക, ആദരിക്കുക എന്ന മൂല്യം ഉറപ്പിക്കുക | വിദ്യാലത്തിലെ കുട്ടികളുടെ ഗ്രാന്റ് പേരന്റ്സിനെ 70 വയസിനുമുകളിൽ പ്രായമുള്ളവരെ അതിഥികളായി സ്കൂളിലേക്ക് ക്ഷണിക്കുന്നു. കുട്ടികളുമായി ആശയ വിനിമയം നടത്തുന്നു. വിവരണം തയ്യാറാക്കുന്നു. | ഒക്ടോബർ 1 | | |

## ഉപസംഹാരം

ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക. ഓരോ കുട്ടിയും അവന്റെ ഉയർന്ന ശേഷിയിൽ എത്തിയെന്നു ഉറപ്പാക്കുന്ന വിധത്തിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഈ സ്ഥാപനത്തിലെ മുഴുവൻ കുട്ടികൾക്കും പഠന മുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ ഒരുക്കിയാണ് ഇത് പൂർത്തീകരിച്ചിട്ടുള്ളത് എന്ന് നിസംശയം പറയാം. ഇതിലേക്കായി കുട്ടികൾ, പി.റ്റി.എ., അഭ്യുദയകാംഷികൾ, പൂർവ്വ വിദ്യാർത്ഥികൾ എല്ലാവരുടെയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട്.

നന്ദി

